**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2517** **13-02-2024 - ൽ മറുപടിയ്ക്ക്**

**നികുതിയും ഫീസും വർദ്ധിപ്പിച്ചത് വഴി സമാഹരിച്ച തുകയും നികുതി കുടിശ്ശികയും**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. മഞ്ഞളാംകുഴി അലി</td><td colspan="2">ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>2016-21-ലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഓരോ വർഷത്തെ ബജറ്റിലും നികുതി, ഫീസ്, ഫെയർ വാല്യൂ എന്നിവ വർദ്ധിപ്പിച്ചത് വഴി തദ്ദേശസ്ഥാപനങ്ങൾ ഉൾപ്പടെയുള്ള സ്ഥാപനങ്ങൾ മുഖേന ഓരോ വർഷവും എത്ര തുകയാണ് അധിക വിഭവസമാഹരണമായി ലക്ഷ്യം വച്ചിരുന്നത്; ആയതിന്റെ കണക്ക് ലഭ്യമാക്കുമോ;</td><td>(എ)</td><td>2016-17 സാമ്പത്തിക വർഷം മുതൽ ഓരോ വർഷവും അധിക വിഭവസമാഹരണമായി ലക്ഷ്യം വച്ചിരുന്ന തുകയുടേയും പ്രസ്തുത വർഷങ്ങളിൽ ലഭിച്ച ആകെ സംസ്ഥാനത്തിന്റെ തനതു വരുമാനത്തിന്റെയും വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു. ഈ വർഷങ്ങളിൽ അധിക വിഭവ സമാഹരണമായി ലക്ഷ്യം വച്ചിരുന്ന തുകയിൽ ലഭ്യമായ തുകയുടെ വേർതിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല.<br><table><tr><th>സാമ്പത്തിക വർഷം</th><th>അധിക വിഭവ സമാഹരണം ലക്ഷ്യമിട്ടത്</th><th>സംസ്ഥാനത്തിന്റെ തനത് വരുമാനം</th></tr><tr><td>2016-17</td><td>805.00</td><td>51876.36</td></tr><tr><td>2017-18</td><td>-</td><td>57659.22</td></tr><tr><td>2018-19</td><td>970.40</td><td>62427.34</td></tr><tr><td>2019-20</td><td>1785.00</td><td>62588.36</td></tr><tr><td>2020-21</td><td>-</td><td>54988.15</td></tr><tr><td>2021-22</td><td>-</td><td>68803.03</td></tr><tr><td>2022-23</td><td>602.00</td><td>87086.12</td></tr><tr><td>2023-24</td><td>2955</td><td>*63507.35</td></tr></table><br>* അക്കൗണ്ടന്റ് ജനറലിന്റെ ഡിസംബർ മാസം വരെയുള്ള പ്രാരംഭ കണക്ക് പ്രകാരം</td></tr>
<tr><td>(ബി)</td><td>ഇപ്രകാരം ലക്ഷ്യം വച്ച തുകയിൽ ഓരോ വർഷവും എത്ര തുക വീതം സമാഹരിച്ചിട്ടുണ്ടെന്ന് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;</td><td>(ബി)</td><td>2016-17 സാമ്പത്തിക വർഷം മുതൽ ഓരോ വർഷവും അധിക വിഭവസമാഹരണമായി ലക്ഷ്യം വച്ചിരുന്ന തുകയുടേയും പ്രസ്തുത വർഷങ്ങളിൽ ലഭിച്ച ആകെ സംസ്ഥാനത്തിന്റെ തനതു വരുമാനത്തിന്റെയും വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു. ഈ വർഷങ്ങളിൽ അധിക വിഭവ സമാഹരണമായി ലക്ഷ്യം വച്ചിരുന്ന തുകയിൽ ലഭ്യമായ തുകയുടെ വേർതിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല.<br><table><tr><th>സാമ്പത്തിക വർഷം</th><th>അധിക വിഭവ സമാഹരണം ലക്ഷ്യമിട്ടത്</th><th>സംസ്ഥാനത്തിന്റെ തനത് വരുമാനം</th></tr><tr><td>2016-17</td><td>805.00</td><td>51876.36</td></tr><tr><td>2017-18</td><td>-</td><td>57659.22</td></tr><tr><td>2018-19</td><td>970.40</td><td>62427.34</td></tr><tr><td>2019-20</td><td>1785.00</td><td>62588.36</td></tr><tr><td>2020-21</td><td>-</td><td>54988.15</td></tr><tr><td>2021-22</td><td>-</td><td>68803.03</td></tr><tr><td>2022-23</td><td>602.00</td><td>87086.12</td></tr><tr><td>2023-24</td><td>2955</td><td>*63507.35</td></tr></table><br>* അക്കൗണ്ടന്റ് ജനറലിന്റെ ഡിസംബർ മാസം വരെയുള്ള പ്രാരംഭ കണക്ക് പ്രകാരം</td></tr>
<tr><td>(സി)</td><td>പ്രസ്തുത സർക്കാർ അധികാരത്തിൽ വരുമ്പോൾ ഉണ്ടായിരുന്ന നികുതി</td><td>(സി)</td><td>ബജറ്റ് രേഖയായ ബജറ്റ് ഇൻ ബ്രീഫിലെ രേഖകൾ പ്രകാരം 2022-23 സാമ്പത്തിക വർഷം വരെ സംസ്ഥാനം പിരിച്ചെടുക്കേണ്ട നികുതിയിനത്തിലുള്ള ആകെ കുടിശ്ശിക 19,975.43 കോടി രൂപയാണ്. ഇതിൽ 5914.13 കോടി രൂപ കോടതി കേസുകൾ ഉൾപ്പെടുന്ന തർക്കത്തിലുള്ളതാണ്. 14,061.30 കോടി രൂപയാണ് തർക്കരഹിത മായിട്ടുള്ളത്. പൊതുമേഖലാ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള കുടിശ്ശിക ഉൾക്കൊള്ളുന്ന</td></tr>
</table>

<table>
<tr>
<td></td>
<td>കുടിശ്ശിക എത്രയാണെന്നും അതിനുശേഷം ഓരോ വർഷവും അവസാനിക്കുമ്പോൾ ഉണ്ടായിരുന്ന നികുതി കുടിശ്ശിക എത്രയാണെന്നും നിലവിലെ കുടിശ്ശിക എത്രയാണെന്നുമുള്ള കണക്കുകൾ ലഭ്യമാക്കുമോ?</td>
<td></td>
<td>തുകയാണിത്. 2016-17 സാമ്പത്തിക വർഷം മുതൽ ഓരോ വർഷവും അവസാനിക്കുമ്പോൾ ഉണ്ടായിരുന്ന നികുതി കുടിശ്ശികയുടെ വിശദാംശങ്ങൾ ചുവടെ കണ്ടാലും.
<table>
<tr><th>സാമ്പത്തിക വർഷം</th><th>കോടതി വ്യവഹാരത്തിലുള്ള തുക</th><th>തർക്ക രഹിതമായിട്ടുള്ള തുക</th><th>ആകെ നികുതിയിനത്തിലുള്ള കുടിശ്ശിക</th></tr>
<tr><td>2016-17 വരെ</td><td>7340.96</td><td>4526.00</td><td>11866.96</td></tr>
<tr><td>2017-18 വരെ</td><td>8702.21</td><td>5549.25</td><td>14251.46</td></tr>
<tr><td>2018-19 വരെ</td><td>9998.14</td><td>8076.97</td><td>18075.11</td></tr>
<tr><td>2019-20 വരെ</td><td>11045.86</td><td>8172.80</td><td>19218.66</td></tr>
<tr><td>2020-21 വരെ</td><td>7065.70</td><td>15122.78</td><td>22188.47</td></tr>
<tr><td>2021-22 വരെ</td><td>7196.05</td><td>12724.84</td><td>19920.89</td></tr>
<tr><td>2022-23 വരെ</td><td>5914.13</td><td>14061.30</td><td>19975.43</td></tr>
</table>
</td>
</tr>
</table>

സെക്ഷൻ ഓഫീസർ